കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# രാമമംഗലം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-2019

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail: ksadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കെ.എസ്.എ.-ഇ.കെ.എം.(പി.9)-004/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഫോൺ : 0484-2422271
e mail- doekm.ksad@kerala.gov.in
തീയതി : 03.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

രാമമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : രാമമംഗലം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

കെ.എസ്.എ.-ഇ.കെ.എം.(പി.9)-004/2020 തിയ്യതി: 03.02.2020

## എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ

## 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.06.2018 മുതൽ 19.06.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വിനോദ്.കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.12.2019 മുതൽ 31.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.റസിയബീവി. ജെ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അജിമോൻ. പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.വിജു. എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.അനീഷ്. ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.എ.മിനികുമാരി | 01.4.2018 മുതൽ 31.3.2019വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ.പി.പി.സുരേഷ് കുമാർ | 01.4.2018 മുതൽ 31.3.2019വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | ശ്രീമതി.സിന്ധു രവി | 01.4.2018 മുതൽ 31.3.2019വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | ശ്രീ.പി.എം.പൈലി | 01.4.2018 മുതൽ 31.3.2019വരെ |
| ചെയർമാൻ<br>ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | ശ്രീമതി.സ്മിത എൽദോസ് | 01.4.2018 മുതൽ 27.1.2019വരെ<br>28.1.2019 മുതൽ 31.3.2019വരെ |
| സെക്രട്ടറി | ശ്രീ.എ.പി.ജയന്തകുമാർ | 01.4.2018 മുതൽ 30.5.2018വരെ |
| | ശ്രീമതി.സിന്ധു.വി. | 31.5.2018 മുതൽ 31.3.2019വരെ |
| | | |

| ഉദ്യോഗപ്പേര് | | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഖദീജ ബീവി | 01.4.2018 മുതൽ 31.7.2018 വരെ |
| | ശ്രീമതി.ഗ്രേഷ്യസ് എം ജോൺ | 01.8.2018 മുതൽ 14.9.2018 വരെ |
| | ശ്രീമതി.ശോഭ ജെയിംസ് | 15.9.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.സി.ജയൻ | 01.4.2018 മുതൽ 20.6.2018 വരെ |
| | ശ്രീ.ജി.അനിൽകുമാർ | 21.6.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.മേരിമോൾ ജേക്കബ്ബ് | 01.4.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബോബി പോൾ | 01.4.2018 മുതൽ 15.9.2018 വരെ |
| | ഡോ.ഹരികുമാർ.എൻ | 16.9.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.കമൽജിത്ത്. | 01.4.2018 മുതൽ 04.7.2018 വരെ |
| | ഡോ.ശ്രുതി എലിസബത്ത് ജോൺസൺ | 05.7.2018മുതൽ 05.3.2019 വരെ |
| | ഡോ.മായാദേവി | 06.3.2019 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | ഡോ.ഷീജ | 01.4.2018 മുതൽ 07.1.2019 വരെ |
| | ഡോ.അനിൽകുമാർ.എൻ.ആർ. | 08.1.2019 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.അമൃത | 01.4.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ഊരമന | ശ്രീ.അഭിലാഷ്.എം.ബി. | 01.4.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , രാമമംഗലം | ശ്രീ.അനിൽ കെ ജോസ്. | 01.4.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസസർ | ശ്രീമതി. ആശ പോൾ | 29.7.2018മുതൽ 31.3.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജേഷ്.എം. | 01.4.2018 മുതൽ 31.3.2019 വരെ |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, രാമമംഗലം | ശ്രീ.പി.സി.രവി | 01.4.2018 മുതൽ 31.5.2018 വരെ |
| | ശ്രീമതി.ഷൈല. എം.എൻ. | 01.6.2018 മുതൽ 31.3.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| | | |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-12 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-13 |
| 14 | ലാപ്പ് ടോപ്പ് വിതരണം- അപാകതകൾ. | 1-14 |
| 15 | സാക്ഷരത തുല്യത പഠനം -അപാകത | 1-15 |
| 16 | വെള്ളക്കരം കുടിശ്ശിക - ഉത്ഭവത്തിൽ കുറവ് ചെയ്തത് - പരിഷ്കരിച്ച ഡിമാന്റ് ലഭ്യമല്ല. | 1-16 |
| 17 | ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടില്ല | 1-17 |
| 18 | ആശ്രയ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗിച്ചിട്ടില്ല | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി - വാർഷിക കർമ്മ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയില്ല. | 1-19 |
| 20 | ഗ്രാന്റ് ഇൻ എയ്ഡ് തുകകൾ - അക്കൗണ്ടിങ്ങ് പോളിസിക്ക് വിരുദ്ധമായുള്ള രേഖപ്പെടുത്തൽ. | 1-20 |
| 21 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ | 1-21 |
| 22 | സ്കൂൾസുരക്ഷാ – സർക്കാർ നിർദ്ദേശം പ്രകാരമുള്ള പരിശോധന നടത്തിയില്ല | 1-22 |
| 23 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പണി പൂർത്തീകരിച്ചില്ല | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-24 |
| | ഭാഗം 2 | |
| 25 | വരവ് വ്യക്തമായ നഷ്ടം | 2-1 |
| | ഭാഗം 3 | |
| 26 | ചെലവ് വ്യക്തമായ നഷ്ടം | 3-1 |
| | ഭാഗം 4 | |
| 27 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 32 | സ്ഥിര നിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | | |

| | | |
|---|---|---|
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 40 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 21.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30,92,183.00 |
| വരവ് | 7,19,36,060.00 |
| ആകെ | 7,50,28,243.00 |
| ചെലവ് | 6,39,95,340.00 |
| നീക്കിയിരിപ്പ് | 1,10,32,903.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9336403 | 9336403 | 9336403 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5523000 | 5523000 | 4956499 | 566501 (lapsed) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 158000 | 158000 | 158000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 20766000 | 20766000 | 20766000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2780000 | 2780000 | 2779741 | 259 (lapsed) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4375000 | 4375000 | 3944647 | 430353 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | (lapsed) |
| ഫിഷറീസ് | | 1665 | 0 | 1665 | 0 | 1665 |
| ദുരിതാശ്വാസനിധി | | 5803 | 234 | 6037 | 0 | 6037 |
| ഖരമാലിന്യ ഫണ്ട് | | 0 | 1259100 | 1259100 | 0 | 1259100 |
| സാനിട്ടേഷൻ | | 66714 | 2695 | 69409 | 0 | 69409 |
| ആരോഗ്യകേരളം | | 200000 | 0 | 200000 | 0 | 200000 |
| ബഡ് സ്കൂൾ | | 200000 | 0 | 200000 | 0 | 200000 |
| ഐ.സി.ഡി.എസ് | | 1591475 | 433375 | 2024850 | 748744 | 1276106 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 1618 | 703349 | 704967 | 702551 | 2416 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. സ്റ്റേറ്റ് ഫണ്ട് | | 0 | 69000 | 69000 | 68000 | 1000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 400000 | 1784000 | 2184000 | 2034000 | 150000 |
| | ജില്ലാ പഞ്ചായത്ത് | 110583 | 6982850 | 7093433 | 1982850 | 5110583 |
| ബി ഫണ്ട് | | 0 | 194880 | 194880 | 194880 | 0 |
| റിവർ മാനേജ്മെന്റ് ഫണ്ട് | | 3672327 | 0 | 3672327 | 0 | 3672327 |
| സാക്ഷരതാ മിഷൻ | | 3834 | 75329 | 79163 | 74934 | 4229 |
| കേരളോത്സവം | | 7370 | 0 | 7370 | 0 | 7370 |
| ബി.പി.സി.എൽ.സി.എസ്.ആർ | | 12400 | 0 | 12400 | 0 | 12400 |
| ഒ.ഡി.എഫ്. | | 480000 | 0 | 480000 | 0 | 480000 |
| ബയോഗ്യാസ്. ശുചിത്വമിഷൻ | | 73150 | 0 | 73150 | 0 | 73150 |
| ഭവനനിധി അക്കൗണ്ട് | | 29994 | 195 | 30189 | 30000 | 189 |
| ഹൗസിങ്ങ് അക്കൗണ്ട് | | 257693 | 6679 | 264372 | 0 | 264372 |
| ഇ.എം.എസ്.അക്കൗണ്ട് - പലിശ | | 77400 | 0 | 77400 | 954 | 76446 |
| ലൈബ്രറി ഗ്രാന്റ് | | 0 | 23520 | 23520 | 0 | 23520 |
| വിമുക്തി | | 32500 | 25000 | 57500 | 40250 | 17250 |
| ഗുണഭോക്തൃവിഹിതം | | 726 | 98405 | 99131 | 98058 | 1073 |
| ആശ്രയ | | 333333 | 0 | 333333 | 333333 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | -5561118 | 14114486 | 8553368 | 12479583 | -3926215 |
| | ട്രഷറി അക്കൗണ്ട് | 1090921 | 10760284 | 11851205 | 9800729 | 2050476 |
| കൈയ്യിരുപ്പ് | | 3795 | 0 | 3795 | 3795 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 84845740 | 118 | 50347325 | 48 | 33 | 59.3 |

ഗ്രാന്റ് ഇൻ എയ്ഡ് - വിനിയോഗം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 9336403 | 9336403 | 0 | 100 |
| വികസനഫണ്ട് -എസ്.സി.പി | 5523000 | 4956499 | 566501 | 89.74 |
| വികസനഫണ്ട് -ടി.എസ്.പി | 158000 | 158000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 20766000 | 20766000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2780000 | 2779741 | 259 | 99.99 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4375000 | 3944647 | 430353 | 90.16 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1618 | 703349 | 704967 | 702551 | 2416 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 20850184 | 20850184 | 20850184 | - |
| 100 തൊഴിൽദിനം - അവാർഡ് തുക | - | 69000 | 69000 | 68000 | 1000 |
| ആകെ | 1618 | 21622533 | 21624151 | 21620735 | 3416 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65880 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 4441200 | 320 |
| വിധവാപെൻഷൻ | 6111700 | 485 |
| വാർദ്ധക്യകാലപെൻഷൻ | 12554000 | 991 |
| വികലാംഗപെൻഷൻ | 2123600 | 164 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 561200 | 44 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

20.12.2019 ഉച്ചകഴിഞ്ഞ് 3.15 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3697/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

തനത് വരുമാനം

ഗ്രാമപഞ്ചായത്തിന്റെ എല്ലാ നികുതികളും ഡിമാന്റിന്റെ 100% പിരിച്ചിട്ടുണ്ട്. 2017-18നെ അപേക്ഷിച്ച് 43% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നികുതികളുടേയും, ഫീസുകളുടേയും പിരിവിലുള്ള വർദ്ധനവ് അഭിനന്ദനാർഹമാണ്.

രജിസ്റ്ററുകളുടേയും, ഫയലുകളുടേയും സൂക്ഷിപ്പ്

രജിസ്റ്ററുകളും, ഫയലുകളും കാലികമായും, ക്രമമായും സൂക്ഷിച്ചിട്ടുണ്ട്.

ലൈസൻസ്

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നെങ്കിലും 2018-19ലേക്കുള്ള ലൈസൻസുകളുടെ ഫീസ് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ ഈടാക്കിയത് എന്ന് പരിശോധിക്കാൻ ലൈസൻസികളിൽ നിന്നും ആകെ മൂലധനനിക്ഷേപത്തിന്റെ സത്യവാങ്മൂലം വാങ്ങി ഫയലിൽ സൂക്ഷിക്കാത്തതിനാൽ സാധിച്ചിട്ടില്ല.

തനത് ഫണ്ട്

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് മൈനസ് ആണ് ( ഖണ്ഡിക 1-5 കാണുക). മറ്റ് വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ആവശ്യത്തിന് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയ തുകയിൽ നിന്നുമാണ് നിലവിൽ പഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്കായുള്ള ചെലവുകൾ നടത്തുന്നത്. നിലവിലുള്ള തനത് ഫണ്ട് ഇനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നിയമം അനുശാസിക്കുന്ന പുതിയ തനത് ഫണ്ട് സ്രോതസ്സുകൾ കണ്ടെത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2016 | 2010-11 മുതൽ 2014-15 വരെ | 22.2.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

ഓഡിറ്റ് എൻക്വയറി നം. 05/24.12.19നെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/ തിയതി |
|---|---|---|
| വസ്തുനികുതി | 3245.00 | 119020102513 / 28.12.19 |

## 1-13 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും 2018-19 സാമ്പത്തികവർഷത്തിൽ തൊഴിൽനികുതി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | എടയത്ത് പാക്കേജിംഗ്സ് | 24 | 8 |
| 2 | സെറാൻ കാർട്ടൺസ് | 25 | 4 |
| 3 | തട്ടാനത്ത് ഇൻഡസ്ട്രീസ് | 26 | 10 |
| 4 | കാരെക്കാട്ട് സിമന്റ് ഇൻഡസ്ട്രി | 51 | 4 |
| 5 | സത്യ പോവിംഗ് ടൈൽസ് & ബ്രിക്സ് | 125 | 5 |
| 6 | സെന്റ് മേരീസ് സിമന്റ് ബ്ലോക്സ് | 210 | 7 |

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 4 /23.12.19) സൂചിത സ്ഥാപനങ്ങളിൽ അന്യ സംസ്ഥാന തൊഴിലാളികളാണ് ജീവനക്കാരെന്നും, ഇവർ 60 ദിവസത്തിലധികം ജോലി ചെയ്തിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി നിശ്ചിത മാതൃകയിലുള്ള ഫോറത്തിൽ ആഫീസ് തലവനോടോ, തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തേയോ, വരുമാനത്തേയോ സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ഫോറത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയം നടത്തേണ്ടത്. എന്നാൽ, മേൽ സ്ഥാപന ഉടമകളോട് ചട്ട പ്രകാരമുള്ള ഫോറങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ആയതിനാൽ, പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ലാപ്പ് ടോപ്പ് വിതരണം- അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം ,പേര് | 27/18-19, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| ബിൽ നം, തീയതി,ചെലവ് | 04/18-19,തീ.17.01.19. 463840 രൂപ.<br>06/18-19,തീ.01.03.19. 86970 രൂപ.<br>08/18-19,തീ.12.03.19. 86970 രൂപ.<br>09/18-19,തീ.19.03.19. 86970 രൂപ.<br>010/18-19,തീ.21.03.19. 86970 രൂപ.<br>011/18-19,തീ.27.05.19. 57980 രൂപ. |
| അടങ്കൽ ഫണ്ട് | 870000/-, എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്, രാമമംഗലം |

മേൽ പ്രോജക്ട് പ്രകാരം 30 ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്ന് ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്, രാമമംഗലം വഴി ലാപ്പ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഹരിത.കെ.ആർ,കപ്പിങ്ങാട്ട് വീട്, രാമമംഗലം പി.ഒ എന്ന ഗുണഭോക്താവിന് ലാപ്പ്ടോപ്പ് നല്കിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവ് മേൽ വിലാസം

തെളിയിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള ആധാർ കാർഡിൽ ഹരിത രാജൻ, തോട്ടുങ്ങൽ പുത്തൻ പുരയിൽ, ഏഴരക്കനാട് നോർത്ത്.പി.ഒ, മണീട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിലും ലോക്കൽ ബോഡിയായി ചേർത്തിട്ടുള്ളത് മണീട് ആണ്. ആയതിനാൽ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നല്കിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് 27.12.2019ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഗുണഭോക്താവ് ആവശ്യമായ രേഖകൾ ഹാജരാക്കുന്നത് വരെ ഒരു ലാപ്പ് ടോപ്പിന്റെ വിലയായി ചെലവഴിച്ച 28990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 സാക്ഷരത തുല്യത പഠനം -അപാകത

| | |
|---|---|
| പ്രോജക്ട് നം., പ്രോജക്ട് പേര് | S029/18-19,സാക്ഷരതാ തുല്യതാ പഠനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്. ജി.എൽ യു.പി.സ്കൂൾ |
| അടങ്കൽ, | 30,000/- (വികസനഫണ്ട്-പൊതുവിഭാഗം) |
| ബിൽ നം./തിയതി,ചെലവ് | 02/18-19 17.01.19, 24150 |

പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നിവ അടക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 5 പത്താംതരം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസുമായി 8750/- രൂപയും (5x1750=8750), 7 പ്ലസ് വൺ ഒന്നാം വർഷം പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസുമായി 15400/- രൂപയും (7x2200=15400) ഉൾപ്പെടെ ആകെ 24150/- രൂപ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട് (SBI-തിരുവനന്തപുരം, 57026986123, UCO 02880100113107). സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവർക്ക് തുടർപഠനത്തിന് അവസരം ഒരുക്കുകയും തുല്യതാ പരീക്ഷക്ക് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസും അടച്ചതിന്റെ രസീത് ഹാജരാക്കുകയോ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ അഡ്മിഷൻ/ ഹാൾ ടിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ സൂചിപ്പിച്ച വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 27.12.2019 ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ രേഖകൾ ഹാജരാക്കുന്നതുവരെ ഇതിനായി ചെലവഴിച്ച 24150/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 വെള്ളക്കരം കുടിശ്ശിക - ഉത്ഭവത്തിൽ കുറവ് ചെയ്തത് - പരിഷ്കരിച്ച ഡിമാന്റ് ലഭ്യമല്ല.

രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക ഓഡിറ്റ് വർഷത്തെ വികസന ഫണ്ട് , പൊതു ആവശ്യഗ്രാന്റ് എന്നിവയുടെ അലോട്ട്മെന്റിൽ താഴെ ചേർക്കുന്ന രീതിയിൽ 171018/-രൂപ ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

| ഗ്രാന്റ് ഇൻ എയ്ഡ് | ഉത്തരവ് നം | ഉത്ഭവത്തിൽ കുറവ് ചെയ്ത തുക |
|---|---|---|
| പൊതു ആവശ്യ ഗ്രാന്റ് | സ.ഉ.(സാധാ) 10069/2018/ ധന/ 7.12.2018 | 22619/- |
| | സ.ഉ.(സാധാ) 256/2019/ ധന/ 11.01.2019 | 19934/- |
| | സ.ഉ.(സാധാ) 761/2019/ ധന/ 31.01.2019 | 19934/- |
| | സ.ഉ.(സാധാ) 1626/2019/ ധന/ 2.3.2019 | 19934/- |
| വികസന ഫണ്ട് - പൊതുവിഭാഗം | സ.ഉ.(സാധാ) 9858/2018/ ധന/ 29.11.2018 | 88597/- |
| ആകെ കുറവ് ചെയ്ത തുക | | 171018/- |

ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കര കുടിശിക 2018 ഏപ്രിൽ മാസത്തിൽ 16,71,496/- രൂപയാണ് (ഡിമാന്റ് നം.24864/ 11.4.2018). ഇത് 2019 മാർച്ച് മാസം ആയപ്പോഴേക്കും 59,78,173/- രൂപയായി ഉയർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് യഥാസമയം വെള്ളക്കരം അടവാക്കാതിരുന്നത് മൂലം പിഴപലിശ സഹിതം ബാദ്ധ്യത കുടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഗ്രാന്റിനങ്ങളിൽ നിന്നും മേൽ വിവരിച്ച പ്രകാരം തുക കുറവുചെയ്തിട്ടുണ്ട്.

ഗ്രാന്റിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുകയ്ക്കുള്ള രസീത്, ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുള്ള തുക കുറച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് എന്നിവ ജലഅതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് രേഖാമൂലം ( എൻക്വയറി നം. 02/ 21.12.2019) ആവശ്യപ്പെട്ടിരുന്നു. ഉത്ഭവത്തിൽ കുറവ് ചെയ്യുന്ന തുകകളുടെ രസീത് ജലഅതോറിറ്റി നൽകാറില്ല എന്നും രസീതും പുതുക്കിയ ഡിമാന്റ് നോട്ടീസും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുകകളുടെ രസീതും പുതുക്കിയ ഡിമാന്റ് നോട്ടീസും ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഇടപെടൽ ഉണ്ടാകുന്നതിന് ഭരണ സമിതി നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-17 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടില്ല

| | |
|---|---|
| പ്രോജക്ട് നം ,പേര് | 27/18-19, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| ബിൽ നം, തീയതി, ചെലവ് | 04/18-19,തീ.17.01.19. 463840 രൂപ.<br>06/18-19,തീ.01.03.19. 86970 രൂപ.<br>08/18-19,തീ.12.03.19. 86970 രൂപ.<br>09/18-19,തീ.19.03.19. 86970 രൂപ.<br>010/18-19,തീ.21.03.19. 86970 രൂപ.<br>011/18-19,തീ.27.05.19. 57980 രൂപ. |
| അടങ്കൽ ഫണ്ട് | 870000, എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്, രാമമംഗലം |

14.02.2018 തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ )നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 2.15. ഖണ്ഡികയിൽ 25000/- രൂപയക്ക് മേൽ വരുന്ന ആനുകൂല്യങ്ങൾക്ക് 200 രൂപ മുദ്രപത്രത്തിൽ കരാർ വേണം എന്ന് പറയുന്നു. മേൽ പ്രോജക്ടിൽ ഉൾപ്പെട്ട 30ഗുണഭോക്താക്കൾക്ക് ഓരോർത്തർക്കും 28990/- രൂപ വില വരുന്ന ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ട്. 1959 ലെ സ്റ്റാമ്പ് ആക്ട് പ്രകാരം (കേരള ഫിനാൻസ് ബിൽ 2013 പതിമൂന്നാം നിയമസഭയുടെ ബില്ല് 212) 200/- രൂപ മുദ്രപത്രത്തിൽ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളിൽ ആരുമായും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ സർക്കാരിന് ഈയിനത്തിൽ ലഭിക്കേണ്ടിയിരുന്ന (30x200 = 6000) 6000/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

## 1-18 ആശ്രയ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ആശ്രയ (എസ്.0054/19) |
| അടങ്കൽ | 50000/- വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | 50000/- ബിൽ നം 8/18-19/11.10.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ 137 അഗതികളുടെ പുനരധിവാസ പദ്ധതിക്കായി 1,31,92,100/- രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 50000/- രൂപ രാമമംഗലം

സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. ഈ തുക പ്രസ്തുത പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത് സംബന്ധിച്ച് വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം സി.ഡി.എസിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ഹാജരാക്കുന്നതിന് വിധേയമായി 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 തൊഴിലുറപ്പ് പദ്ധതി - വാർഷിക കർമ്മ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയില്ല.

2018-19 വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതി വിവിധ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| അംഗീകരിച്ച പഞ്ചായത്ത് തീരുമാനം | അടങ്കൽ | പ്രവൃത്തികളുടെ എണ്ണം | തൊഴിൽ ദിനങ്ങൾ |
|---|---|---|---|
| 2(1) / 09.04.2018 | 21783500/- | 172 | 50972 |
| 11 / 07.05.2018 (അധിക പദ്ധതി) | 17270000/- | 152 | 27834 |
| 15 /28.09.2018 (അധിക പദ്ധതി) | 49398000/- | 394 | 137118 |
| ആകെ | 88451500/- | 718 | 215924 |

| അകെ പ്രവൃത്തികൾ | സാങ്കേതിക അനുമതി ലഭിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാൻ ബാക്കി |
|---|---|---|---|
| 718 | 172 | 104 * | 68 |

* ഇതിൽ 86 പ്രവൃത്തികൾക്ക് ഓഡിറ്റ് വർഷം ബിൽ തുക നൽകിയിട്ടില്ല.

ധനവിനിയോഗവും തൊഴിൽ ദിനവും.

| | ലക്ഷ്യം | നേട്ടം | നേട്ടത്തിന്റെ ശതമാനം |
|---|---|---|---|
| ധനവിനിയോഗം | 88451500/- | 21552735/- | 24.37 |
| തൊഴിൽ ദിനങ്ങൾ | 215914 | 77533 | 35.91 |

ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർണ്ണമായും നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഗ്രാന്റ് ഇൻ എയ്ഡ് തുകകൾ - അക്കൗണ്ടിങ്ങ് പോളിസിക്ക് വിരുദ്ധമായുള്ള രേഖപ്പെടുത്തൽ.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച വിവിധ ഗ്രാന്റ് ഇൻ എയ്ഡുകൾ വാർഷിക ധനകാര്യ പത്രികയിലെ RP.7 , I-6 എന്നീ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | RP.7 | I.6 | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 9336403.00 | 9075707.00 | 260696.00 |
| വികസനഫണ്ട്-എസ്.സി.പി. | 4956499.00 | 4804402.00 | 152097.00 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 3944647.00 | 297643.00 | 3647004.00 |

മേൽ പറഞ്ഞ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 01 /21.12.2019) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തുകളുടെ അക്കൗണ്ടിങ്ങ് പോളിസി പ്രകാരം, വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികൾക്ക് തുല്യമായ തുക ക്യാപിറ്റൽ

കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതാണെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിയതിനാൽ I.6 ൽ റവന്യൂ വരവ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വിശദീകരിച്ചിട്ടുണ്ട്.

സ.ഉ.(കൈ) 152/2011/ ത.സ്വ.ഭ.വ./ 26.07.2011 പ്രകാരമുള്ള അക്കൗണ്ടിങ്ങ് പോളിസിയുടെ Grants, Funds and Contributions എന്ന ഉപശീർഷകത്തിന്റെ ഖണ്ഡിക d പ്രകാരം മൂലധന ചെലവുകൾക്ക് ലഭിക്കുന്ന തുകകൾ ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതുവരെ liability (ബാദ്ധ്യത) യായി നിലനിർത്തേണ്ടതും ആസ്തി സൃഷ്ടിക്കപ്പെടുമ്പോൾ അതിന് തുല്യമായ മൂല്യം ബാദ്ധ്യതയിൽ നിന്നും കുറച്ച് ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതുമാണ്. ഗ്രാന്റ് മുൻകൂറായി തന്നിരുന്ന സമയത്ത് വരവ് ലയബിറ്റിയായി അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന സാഹചര്യത്തിലാണ് ഇത് ബാധകമാകുക. നിലവിൽ ഗ്രാന്റ് തുക മുൻകൂറല്ലാത്തതിനാൽ തുക വരവ് ഹെഡിലാണ് രേഖപ്പെടുത്തുന്നത്. ഈ സാഹചര്യത്തിൽ വരവ് ശീർഷകത്തിൽ നിന്നും തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ നടപടി അക്കൗണ്ടിങ്ങ് പോളിസിക്ക് വിരുദ്ധമാണ്.

## 1-21 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ

വാർഷികകണക്കുകളിൽ നിലവിൽ ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ കാണുന്നുണ്ട്. ആയത് പരിശോധിച്ച് നിലനിർത്തേണ്ട അക്കൗണ്ടുകൾ അല്ലായെങ്കിൽ ആയവ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അക്കൗണ്ടുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | കോഡ് | ബാങ്കിന്റെ പേര് | ആവശ്യം | 31.03.2019 ലെ നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | 450410102 | യൂണിയൻ ബാങ്ക് | ഹൗസിങ്ങ് | 264372.00 |
| 2 | 450410104 | കാനറ ബാങ്ക് | ഭവനനിധി | 189.00 |
| 3 | 450420101 | കാനറ ബാങ്ക് | സാക്ഷരത | 4229.00 |
| 4 | 450430104 | എസ്.സി.ബി. | ഇ.എം.എസ്. പലിശ മാത്രം | 76446.00 |

ഇത് സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 സ്കൂൾസുരക്ഷാ – സർക്കാർ നിർദ്ദേശം പ്രകാരമുള്ള പരിശോധന നടത്തിയില്ല

ശുദ്ധമായ കുടിവെള്ളം, സ്കൂളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ജലലഭ്യതയോടുകൂടിയ വെവ്വേറെ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കായി നാപ്കിൻ വെൻഡിങ്ങ് മെഷീൻസ്, ഇൻസിനറേറ്റർ അഥവാ മാലിന്യ നിർമാർജ്ജന സൗകര്യം എന്നിവ എല്ലാ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലും (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്) ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണാധികൃതർ വർഷത്തിൽ രണ്ട് തവണയെങ്കിലും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ പരിശോധന നടത്തണമെന്ന് 648/ഡിസി v 17/ത.സ്വ.ഭ. വ./08.10.2018 നം. സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2 ഹയർസെക്കൻഡറി സ്കൂളുകൾ (ഊരമന ഗവ. ഹയർ സെക്കൻഡറി സ്കൂൾ, മാമലശേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ) പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാർഥികളുടെ ആരോഗ്യസുരക്ഷയും, ശുചിത്വവുമായി ബന്ധപ്പെട്ട മേൽ നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ഈ രണ്ട് സ്കൂളുകളിലും നാളിതുവരെ ഗ്രാമപഞ്ചായത്ത് അധികൃതർ പരിശോധന നടത്തിയിട്ടില്ല.

നമ്മുടെ രാജ്യത്തിന്റെ ഭാവിപൗരൻമാരെ രൂപപ്പെടുത്തിയെടുക്കുന്നതിൽ സുരക്ഷിതമായ പഠനാന്തരീക്ഷം അനിവാര്യമാണ്. ആയതിനാൽ, സ്കൂളുകളിൽ മാലിന്യമുക്തവും, ശുചിത്വവുമുള്ള അന്തരീക്ഷം നിലനിൽക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, നിർദ്ദേശങ്ങളും നടപ്പാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പണി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്.0024/19 |
| പ്രോജക്റ്റിന്റെ പേര് | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| ചെലവ് വിവരം | 649129/-ബിൽ നം. 30/18-19/19.1.19<br>( ധനകാര്യ കമ്മീഷൻ അവാർഡ്) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വ്യാപനത്തിനായി കേരള വാട്ടർ അതോറിറ്റി, (മൂവാറ്റുപുഴ) യിൽ 649129/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഐ.കെ.എം. വിഹിതം നല്കൽ

| | |
|---|---|
| പ്രോജക്റ്റ് നം. | 22/19 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം വിഹിതം നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | രൂ.48703/- |
| ചെലവ് | 1) 11203/-(ബിൽ നം. 21/18-19/22.11.18)<br>2)37500/-(ബിൽ നം. 12/18-19/21.8.18) |

ഐ.കെ.എം. ന് നല്കിയ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ് വ്യക്തമായ നഷ്ടം

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ് വ്യക്തമായ നഷ്ടം

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.2019 – 11.06.2019 | കെ.എസ്.എ. ഇ.കെ.എം. (പി.ജി) 1227(7) /2019/29.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 950000 | നെൽക്കൃഷി വികസനം (എസ്.0013/19) | 950000 | 0 |
| | | 306250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0037/19) | 306250 | 0 |
| | | 600000 | ലൈഫ് (ജനറൽ) (എസ്.0033/19) | 600000 | 0 |
| | | 126600 | ക്ഷീരകർഷകർക്ക് സബ്സിഡി (എസ്.0003/19) | 126600 | 0 |
| | | 5000000 | മാമലശ്ശേരി അമ്പലംപടി കുളം സംരക്ഷണം (എസ്.0227/19) | 0 | 5000000 |
| ആകെ | | 6982850 | | 1982850 | 5000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0037/19) | 100000 | 0 |
| | | 1200000 | ലൈഫ് (ജനറൽ) (എസ്.0033/19) | 1200000 | 0 |
| | | 184000 | ലൈഫ് (ടി.എസ്.പി) (എസ്.0040/19) | 184000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് സബ്സിഡി (എസ്.0003/19) | 200000 | 0 |
| | 2017-18<br>2018-19 | 250000<br>100000 | ഇലക്ട്രോണിക് വീൽ ചെയർ (എസ്.0225/19) | 350000 | 0 |
| ആകെ | | 2034000 | | 2034000 | 0 |

<u>ജില്ലാ പഞ്ചായത്ത് വിഹിതം</u>

ജില്ലാപഞ്ചായത്ത് വിഹിതത്തിൽ ആകെ നീക്കിയിരുപ്പുള്ള (B.4 ഷെഡ്യൂൾ) 51,10,583/- രൂപയിൽ തൻവർഷത്തെ നീക്കിയിരിപ്പ് 50 ലക്ഷം രൂപ കൂടാതെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2015-16, 2017-18 എന്നീ വർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന, യഥാക്രമം 85583/- രൂപയും 25000/- രൂപയും ഉൾപ്പെടുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

തൻവർഷം ലഭിച്ച മുഴുവൻ ഫണ്ടും വിനിയോഗിച്ചിട്ടുണ്ട്. B.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള 1.5 ലക്ഷം രൂപ ബഡ്സ്കൂളിന് ഉപകരണങ്ങൾ വാങ്ങുന്നതിനായി മുൻവർഷം ലഭിച്ച തുകയാണ്. തൻവർഷം പ്രോജക്ട് (എസ്.0201/19) ഏറ്റെടുത്തിരുന്നുവെങ്കിലും നടപ്പിലാക്കിയില്ല.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജല അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.0024/19) | ബിൽ നം.30/ 19.1.20 19 | 649129/- | 0 | 649129/- |

മുൻവർഷത്തെ നീക്കിയിരുപ്പിൽ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷനുവേണ്ടി നൽകിയ 1 ലക്ഷം രൂപയിൽ 99010/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി പഞ്ചായത്തിന് ലഭിക്കേണ്ട 990/- രൂപ ഉൾപ്പെടെ നിലവിൽ 966019/- രൂപ ( 316890 + 649129 ) B.18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കുവാൻ ബാക്കിയുണ്ട്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1550652/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ.(കൈ)നം.68/2018/ ത.സ്വ.ഭ.വ. /18.05.2018, സ.ഉ.(കൈ) നം.111 /2018/ ത.സ്വ.ഭ.വ. / 13.08.2018 | 15,10,000.00 | 0 | 0 | 0 | 15,10,000.00 |

•

# 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 462/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 14-15 | 2.1 | 200/- | ഫിബി ആന്റണി | 118020103611/23.3.19 |
| 2017-18 | 2.3(2) | 160/- | ചെറിയാൻ ജോർജ്ജ് | 118020102035/22.3.19 |
| 2017-18 | 2.3 | 51/- | ടിന്റു ആന്റണി | 118020102034/22.319 |
| 2017-18 | 2.3 | 51/- | ജോയി വർഗ്ഗീസ് | 118020102033/22.3.19 |
| | ആകെ | 462/- | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | | |
| 2002-03 | 3.3 | 2006-07 (3.47.1) | പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കി സ്വകാര്യ സ്ഥാപന ങ്ങളിൽ നിന്നും ടാർ വാങ്ങി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 12.3.2013 ലെ എൽ.എഫ്. 3833 / പി.റ്റി.2/ 2013 നമ്പർ കത്ത് പ്രകാരം ഖണ്ഡിക ഒഴിവാക്കുവാൻ കത്ത് നൽകിയിട്ടുണ്ട്. |
| 2013-14 & 2014-15 | 2.1 | 2016-17 (അദ്ധ്യായം 2) | തൊഴിൽ നികുതി സംബന്ധിച്ച് | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,19,36,060.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,39,95,340.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6000.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | : | 0.00 |

| | | |
|---|---|---|
| തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 752269.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 28990.00 | ശ്രീമതി.ഷൈല.എം.എൻ., ഹെഡ് മിസ്ട്രസ്. ജി.എൽ.പി.എസ് രാമമംഗലം |
| 1-15 | 24150.00 | |
| 1-18 | 50000.00 | ശ്രീ.ജി.അനിൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 649129.00 | ശ്രീമതി.സിന്ധു.വി. സെക്രട്ടറി |
| ആകെ | 752269.00 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-17 | 6000.00 |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്നസമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷൈല.എം.എൻ., ഹെഡ്മിസ്ട്രസ്.ജി.എൽ.പി.എസ് രാമമംഗലം | വിരമിച്ചു | കക്കാട്ടിൽ വീട്, വടയമ്പാടി.പി.ഒ, എറണാകുളം |
| ശ്രീ.ജി.അനിൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, രാമമംഗലം ഗ്രാമപഞ്ചായത്ത് | വടക്കേതോട്ടമംഗലം, കക്കാഴം .പി.ഒ, ആലപ്പുഴ |
| ശ്രീമതി.സിന്ധു.വി. സെക്രട്ടറി | സെക്രട്ടറി, രാമമംഗലം ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം. ബി.4, ഡയമണ്ട് ടവേഴ്സ്, പെരുമാനൂർ.പി.ഒ, തേവര, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.ഇകെ.എം.(പി.9) 1557(1)/ 2019/ 5.8.19 | 11 |
| 1997-98 | കെ.എസ്.എ.ഇകെ.എം.(പി.9) 1557(2)/ 2019/ 5.8.19 | 17 |
| 1998-99 | എൽ.എഫ്.ഇ.(പി.3)1161/00/ 23.3.2001 | |
| 2006-07 | കെ.എസ്.എ.ഇകെ.എം.(പി.9) 1557(4)/ 2019/ 5.8.19 | 3 |
| 2007-08 | കെ.എസ്.എ.ഇകെ.എം.(പി.9) 1557(5)/ 2019/ 5.8.19 | 3 |
| 2008-09, 2009-10, 2010-11 | കെ.എസ്.എ.ഇകെ.എം.(പി.9) 1557(6)/ 2019/ 5.8.19 | 12 |
| 2011-12, 2012-13 | കെ.എസ്.എ.ഇകെ.എം.(പി.9) 1557(7)/ 2019/ 5.8.19 | 10 |
| 2013-14, 2014-15 | കെ.എസ്.എ.ഇകെ.എം.(പി.9) 1557(8)/ 2019/ 5.8.19 | 1 |
| 2015-16 | കെ. എസ്. എ.ഇ.കെ.എം. (പി9)2045/2016 | |
| 2016-17 | കെ. എസ്. എ.ഇ.കെ.എം. (പി9) 1485/17/ 11.9.2017 | 10 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി9)1610/2018 | 10 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ച് എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Ramamangalam Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Ramamangalam Grama Panchayat for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

Annexure

Abstrct of Defects / Discripancies.

1. Assets of the Panchayat including Land has not been properly accounted and included in Asset Register and these figures are not reconciled with the Anual Financial Statement.
2. Sachithra software which records assets has not been linked with the Sankya software.

DEPUTY DIRECTOR

sj